ESTD:1976

# കാരവൽ

1196 തുലാം 28, 1442 റ.അവ്വൽ 27, 2020 നവംബർ 13 വെള്ളി

## ആറാട്ടുമുണ്ടന്മാരാവുന്ന വമ്പൻപാർട്ടികൾ

**ആ**റുമാസത്തിനുള്ളിൽ നടക്കാനിരിക്കുന്ന നിയമസഭാതിരഞ്ഞെടുപ്പിനു മുമ്പു സംസ്ഥാനത്ത് യു ഡി എഫ് സംവിധാനം ശിഥിലമാവുന്നതിനുള്ള ലക്ഷണങ്ങൾ പഞ്ചായത്തു തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളുടെ ആദ്യഘട്ടത്തിൽതന്നെ പ്രകടമായിക്കഴിഞ്ഞു.

അടിത്തട്ടിൽ ആധിപത്യമുറപ്പാക്കാൻ മത-ജാതി -അഴിമതി -തീവ്രവാദ പിൻബലം കൂടിയേ തീരൂ എന്ന് പ്രമുഖ രാഷ്ട്രീയ ശക്തികളെന്ന് അവകാശപ്പെടുന്ന മുന്നണികളും പാർട്ടികളും, സീറ്റു വിഭജനത്തിലും സ്ഥാനാർത്ഥി നിർണ്ണയത്തിലും സഖ്യ സഹകരണക്കാര്യങ്ങളിലും ആവർത്തിച്ചു തെളിയിച്ചുകൊണ്ടിരിക്കുന്നു. ആദർശത്തിന്റെ അങ്ങേത്തല വർഗീയ തീവ്രവാദമാണെന്ന അവസ്ഥയിൽ പാർട്ടികളും മുന്നണികളും എത്തി നിൽക്കുന്നു. ആദർശങ്ങളും ദേശീയ താൽപ്പര്യങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ടു ജനഹൃദയങ്ങളിൽ കുടിയിരുന്ന പാർട്ടികൾ പ്രാദേശിക അധികാരത്തിൽ മാത്രമല്ല, അധികാര സ്ഥാനങ്ങൾക്കെല്ലാം വർഗീയ തീവ്രവാദം ശക്തമായ അടിത്തറയാണെന്നു സമ്മതിക്കുന്നു.

മുസ്ലീംലീഗിന്റെ മത-രാഷ്ട്രീയ നിലപാടുകളിൽ നിരാശയും പ്രതിഷേധികളുമായ ജമാഅത്തെ ഇസ്ലാമിയുടെ രാഷ്ട്രീയ സംഘടനയായ വെൽഫെയൽ പാർട്ടിയുമായി ലീഗിന്റെ ശക്തികേന്ദ്രങ്ങളായ മലപ്പുറത്തും കോഴിക്കോട്ടും ആ പാർട്ടി സഖ്യമുണ്ടാക്കില്ലെന്നു പരസ്യമായി പറഞ്ഞുകൊണ്ടു രഹസ്യമായി പ്രാദേശിക തിരഞ്ഞെടുപ്പു ധാരണ ഉണ്ടാക്കിയിരിക്കുകയാണെന്ന് ലീഗിന്റെയും കോൺഗ്രസിന്റെയും നേതൃത്വങ്ങൾ അണികളെ ബോധ്യപ്പെടുത്തുന്നു.

മുസ്ലീംലീഗിന്റെ ആജന്മശത്രുവായ ജമാഅത്തെ ഇസ്ലാമിയുമായി ഒരു തരത്തിലുള്ള ധാരണപോലും പാടില്ലെന്നു മുസ്ലീം ലീഗിന്റെ യുവജനസംഘടനയായ യൂത്ത്ലീഗ് പരസ്യമായി മുന്നറിയിച്ചിരുന്നു. മുസ്ലീം ലീഗിനെ താങ്ങി നിറുത്തുന്ന ഇ കെ വിഭാഗവും ഇതേ നിലപാടു വ്യക്തമാക്കിയിരുന്നു. മുസ്ലീം ലീഗ് നിലപാടുകളോടു വിയോജിപ്പുകളുണ്ടെങ്കിലും എ പി വിഭാഗവും ജമാഅത്തെ ഇസ്ലാമിയുടെയും അവരുടെ പാർട്ടിയുടെയും കാര്യത്തിൽ ഇതേ സമീപനം പരസ്യമായി പ്രകടിപ്പിച്ചിരുന്നു.

ഭാവി മുതിർന്നവർക്കുള്ളതല്ല, യുവാക്കൾക്കുള്ളതാണെന്ന കാഴ്ച്ചപ്പാടുപോലും ഉൾക്കൊള്ളാതെ അധികാരത്തിനു വേണ്ടി നടത്തുന്ന ഈ കളി മുസ്ലീം ലീഗിന്റെ അടിത്തറ അനതിവിദൂര ഭാവിയിൽ ശിഥി




# ഗർഭപാത്രമെന്ന അത്ഭുതം



കൂക്കാനം റഹ്മാൻ

**ന**ല്ലൊരു നാട്ടിപ്പാട്ടു കാരിയായിരുന്നു എന്റെ തറവാട്ടു വീടിന്റെ തൊട്ടയൽക്കാരിയായ ചെറിയമ്മ. പാടണമെന്ന ആഗ്രഹം പറഞ്ഞാൽ മതി ചെറിയമ്മ നീട്ടി പാടും. കേൾക്കാൻ ബഹു രസമാണ്. ഒരു വാരികയിൽ 'പാടികേട്ടത്' എന്നൊരു പംക്തിയുണ്ടായിരുന്നകാലത്ത്. ചെറിയമ്മ പാടിത്തന്ന പാട്ട് സമ്പാദിച്ച് ഞാൻ അയച്ചു കൊടുത്തത് പ്രസിദ്ധീകരിച്ചിരുന്നു. ചെറിയമ്മ വീടിന്റെ അടുക്കള ഭാഗത്തെ കളത്തിൽ വന്നിരിക്കും. ബ്ലൗസിടാറില്ല. മുട്ടോളമെത്തുന്ന പുടവയാണുടുക്കൽ. നാട്ടിപാട്ട് പാടാൻ പറഞ്ഞാൽ ചെറിയമ്മ സ്ഥലകാല ബോധമൊക്കെ മറക്കും. കണ്ണ് ആകാശത്തേക്ക് പായിച്ചാണ് ഇരുത്തം. മുട്ടോളമെത്തുന്ന പുടവ നീങ്ങിയതൊന്നും അവർ ശ്രദ്ധിക്കാറില്ല.

അന്നെനിക്ക് പതിനാറ് വയസ്സ് കാണും. അന്നു കണ്ട വസ്തുവിനെക്കുറിച്ചറിയാൻ എനിക്ക് താൽപര്യമുണ്ടായി. ഉമ്മയോട് ഇക്കാര്യം അന്വേഷിച്ചു. 'എമ്മ മോനെ എനിക്കറിയില്ല'. എന്നായിരുന്നു ഉമ്മയുടെ ചിരിച്ചുകൊണ്ടുള്ള മറുപടി. വീണ്ടും അതറിയാനുള്ള ആഗ്രഹവുമായി പലരോടും ചോദിച്ചപ്പോൾ ഉത്തരം കിട്ടി. ചില സ്ത്രീകൾക്ക് ഗർഭ പാത്രം പുറത്തേക്ക് തള്ളി വരാറുണ്ട്. അതാണ് കാര്യമെന്ന് പിന്നീട് ബോധ്യപ്പെട്ടു. ചെറിയേട്ടിക്ക് ഒറ്റ മകളേയുള്ളൂ മുതിയളം നാരായണിയേട്ടി എന്നാണ് ഞങ്ങളൊക്കെ അവരെ വിളിക്കാറ്. അവരും വിവാഹിതയല്ല. അവർക്കും ഗർഭ പാത്രം ഉണ്ടായിരിക്കില്ലേ? അമ്മയും മകളും മാത്രമാണ് ഒരു വലിയ വീട്ടിൽ താമസം.

പ്രസ്തുത വീടിന്റെ ഒരു ഭാഗത്തായി 'ചക്കാലയുണ്ട്' എണ്ണയാട്ടുന്ന മരംകൊണ്ടുള്ള ഒരു ഉപകരണമാണത്. അതിൽ കാളയെകെട്ടി ചുറ്റും നടത്തിക്കും അപ്പോൾ കൊപ്ര ഉരലിൽ കിടന്ന് പൊടിഞ്ഞ് എണ്ണയും പിണ്ണാക്കുമായി വേർതിരിയും. ഞാൻ അറിയുന്ന കാലത്ത് ചക്കാലയിൽ എണ്ണയാട്ടുന്ന ഏർപ്പാട് കണ്ടിട്ടില്ല. പക്ഷേ അവിടെ എന്നും വിളക്ക് വെച്ച് പൂജിക്കുന്നത് കാണാറുണ്ട്. ചെറിയേട്ടിക്ക് പ്രായമായി.

പറമ്പിൽ കാര്യമായ വരുമാനമൊന്നുമില്ല. നാരായണിയേട്ടി അധ്വാനിച്ചു വേണം ജീവിതം മുന്നോട്ട് കൊണ്ടുപോവാൻ. ചുമട് എടുക്കാൻ സമർത്ഥയാണ് നാരായണിയേട്ടി. അങ്ങാടികളിലേക്കുള്ള സാധനങ്ങൾ കൊണ്ടുവരാനും കാർഷികോൽപന്നങ്ങൾ ചന്തകളിലും, ടൗണുകളിലും എത്തിക്കാനും സദാ സന്നദ്ധയാണ് നാരായണിയേട്ടി.തീ കടം വാങ്ങിച്ചു കൊണ്ടു പോവുന്ന ചെറിയേട്ടിയെ എന്നും ഞാനോർക്കും. തേങ്ങയുടെ ചകിരിയിൽ എന്റെ വീട്ടിൽ നിന്ന് തീക്കട്ട വെച്ച് അവരുടെ വീട്ടിലേക്ക് കൊണ്ടുപോവുന്ന കാഴ്ച ഇന്നും ഓർക്കുന്നു.

സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ കാലമായിരുന്നു അത്. ഇല്ലായ്മ പരസ്പരം പങ്കുവെക്കുകയും, പരിഹരിക്കുകയും ചെയ്യുന്ന കൂട്ടായ്മ അന്നുണ്ടായിരുന്നു. തീപ്പെട്ടി വാങ്ങാൻ പാങ്ങില്ലാത്ത കാലത്ത് തീക്കട്ട കടം വാങ്ങും. ചായ ഉണ്ടാക്കാൻ ചായപ്പൊടിയും, ഉപ്പില്ലെങ്കിൽ ഉപ്പും ഒക്കെ പരസ്പരം കടം(മുട്ടുവായ്പ) വാങ്ങി ജീവിച്ചു പോന്നകാലത്തെക്കുറിച്ച് ഓർത്തുപോയി.

ഈ വീട്ടുകാരെയും അവരുടെ തറവാട്ടിൽ ജനിച്ചുവരേയും മരിച്ചു പോയാൽ ദഹിപ്പിക്കുന്ന ചുടുകാട് ഞങ്ങളുടെ വീടിന്റെ കയ്യാലയ്ക്കപ്പുറമാണ്. എന്റെ കുട്ടികാലത്തെ ഭയപ്പെടുത്തുന്ന അനുഭവമായിരുന്നു ആ ചുടു കാടും അവിടെ നടക്കുന്ന ദഹന പ്രക്രിയയും. ഇന്ന് ചെറിയേട്ടിയില്ല, നാരായണയേട്ടിയില്ല. അവരുടെയൊക്കെ ജഡങ്ങൾ ദഹിപ്പിച്ച സ്ഥലവും അവിടം തന്നെ. അവരെക്കുറിച്ചുള്ള നല്ല ഓർമ്മകളും, ഇടപെട്ട പ്രവർത്തനങ്ങളും മനസ്സിൽ തങ്ങി നിൽക്കുന്നു. ചിലപ്പോൾ അവരുടെ ആത്മാക്കൾ അവിടങ്ങളിലൊക്കെ പറന്നു നടക്കുന്നുണ്ടാവാം. ഞാൻ പഠിക്കുന്ന കാലഘട്ടത്തിൽ പത്താം ക്ലാസിലൊക്കെ ബീജ സങ്കലനത്തെക്കുറിച്ചും പുരുഷ ബീജവും സ്ത്രീ ബീജവും തമ്മിൽ സംയോജിച്ചാണ് ഭ്രൂണമുണ്ടാവുന്നത് എന്നൊക്കെ സയൻസ് ക്ലാസിൽ പഠിപ്പിക്കുമെങ്കിലും വിശദമായൊന്നും അധ്യാപകർ പറഞ്ഞു തരില്ല. അതിന്റെ പ്രയാസങ്ങൾ ജീവിതത്തിൽ ഞങ്ങളുടെ പ്രായക്കാർ അനുഭവിച്ചിട്ടുണ്ട്. ഗർഭ പാത്രം എന്നൊക്കെയുള്ള വാക്കുകൾ കേട്ടിരുന്നു അത് എവിടെയാണ്, എങ്ങിനെയാണ് എന്നൊന്നും അറിയില്ലായിരുന്നു. ഗർഭിണികളെ കാണുമ്പോൾ, അവരുടെ വീർത്തു വന്ന വയറ് കാണുമ്പോൾ ഗർഭ പാത്രമെന്നാൽ ഗർഭിണികളുടെ വയറിന്റെ രൂപമായിരിക്കും എന്നൊക്കെയാണ് മനസ്സിൽ ധരിച്ചിരുന്നത്.

കാലം ഒരു പാട് മുന്നോട്ട് നീങ്ങി. യുവാവായി, വിവാഹം നടന്നു. അന്നും കൃത്യമായി ഗർഭാവസ്ഥയെക്കുറിച്ചും, ഗർഭിണിയാവുന്നതിനെക്കുറിച്ചും പൂർണ്ണ ബോധ്യമുണ്ടായിരുന്നില്ല. രണ്ടു തവണ അച്ഛനായി. രണ്ടു മക്കളുണ്ടായി. അതിനു ശേഷം വിവിധ പരിശീലന ക്ലാസുകൾ നടത്തുന്നതിന്റെ ഭാഗമായി റിസോർസ് പേർസണായി പരിശീലനം ലഭിച്ചു. അഡോളസെന്റ് എഡ്യുക്കേഷന്റെയും, വിവാഹ പൂർവ്വ കൗൺസിലിംഗിന്റെയും പരിശീലനം കിട്ടിയപ്പോഴാണ് കുറച്ചു കൂടി ആഴത്തിലുള്ള അറിവ് ഗർഭാവസ്ഥയെക്കുറിച്ചും, ഗർഭ പാത്രത്തെക്കുറിച്ചും ലഭിച്ചത്. അത്തരം ഒരു ക്ലാസിൽ ഞങ്ങൾക്ക് പരിശീലനം നൽകികൊണ്ടിരിക്കുന്ന ഒരു അധ്യാപിക ഉന്നയിച്ച ചോദ്യം ആദ്യം അൽപം പ്രയാസമുണ്ടാക്കിയെങ്കിലും പിന്നീട് അത് കൃത്യമായി വിലയിരുത്താൻ കഴിഞ്ഞു.

'ഞാനെങ്ങിനെ ഉണ്ടായി എന്നൊരു ചോദ്യം കുഞ്ഞ് അച്ഛനോടോ അമ്മയോടോ ചോദിച്ചാൽ നിങ്ങൾ എങ്ങിനെ ഉത്തരം പറഞ്ഞു കൊടുക്കും'? എന്നതായിരുന്നു ആ ചോദ്യം. കുട്ടിയുടെ പ്രായത്തിനനുസരിച്ച് ഉത്തരം പറഞ്ഞുകൊടുക്കണമെന്ന ആമുഖത്തോടെ ക്ലാസെടുക്കുന്ന അധ്യാപിക തന്നെ കൃത്യമായി ഉത്തരം പറഞ്ഞതിങ്ങിനെ 'ഞാനും നിന്റെ അച്ഛനും ലൈംഗീക ബന്ധത്തിൽ ഏർപ്പെട്ടപ്പോൾ എന്റെ ഗർഭ പാത്രത്തിൽ നീ ഉണ്ടായി. അവിടെ വച്ച് വളർന്ന് പത്തു മാസം കഴിഞ്ഞപ്പോൾ നിന്നെ പ്രസവിച്ചു.' ഇങ്ങിനെ സന്ദർഭത്തിനനുസരിച്ച് മാറ്റം വരുത്തി പറഞ്ഞു കൊടുക്കണമെന്നാണ് അവർ നിർദ്ദേശിച്ചത്. പരിശീലനം ലഭിച്ചതിനു ശേഷം കൗമാരക്കാരായ പെൺകുട്ടികൾക്കും ആൺ കുട്ടികൾക്കും ഇത്തരം സെക്സ് എഡ്യുക്കേഷൻ നൽകുന്നതിന് എനിക്ക് വിമുഖത ഉണ്ടായില്ല. ഗർഭ പാത്രമാണ് ഏറ്റവും സുരക്ഷിത സ്ഥാനമെന്നും, അവിടെ ലഭ്യമായ വെള്ളത്തിൽ കിടന്ന് സുഖമായി നീന്തിത്തുടിക്കാമെന്നുമൊക്കെ പറഞ്ഞു കൊടുത്തപ്പോഴാണ് എന്റെ അറിവില്ലായ്മ അല്പമെങ്കിലും നീങ്ങിക്കിട്ടിയത്. ലക്ഷക്കണക്കിന് ബീജങ്ങളിൽ ഏറ്റവും ശക്തിയുള്ള ബീജം അമ്മയുടെ ഗർഭ പാത്രത്തിലെത്തി അമ്മയുടെ അണ്ഡവുമായി സംയോജിച്ചാണ് ഭ്രൂണം ഉണ്ടാവുന്നതെന്ന് വ്യക്തമാക്കി കൊടുക്കാൻ പറ്റി.

കാലം കുറച്ചുകൂടി കടന്നു പോയപ്പോഴാണ് രണ്ട് പ്രസവിച്ച എന്റെ ഭാര്യയുടെ ഗർഭ പാത്രത്തിന് മുഴയുണ്ടെന്നും അത് മുറിച്ചു മാറ്റണമെന്നും ഡോക്ടർ നിർദ്ദേശിച്ചത്. 'വലിയ ഓപ്പറേഷനാണ്. പ്രയാസമുണ്ടാവും ഓപറേഷൻ സക്സസ് ആയാൽ കുറച്ചു കാലം റസ്റ്റ് വേണ്ടി വരും' എന്നൊക്കെയുള്ള നിർദ്ദേശവും ഡോക്ടറുടെ ഭാഗത്തു നിന്നും കിട്ടി. മറ്റ് മാർഗ്ഗമില്ലാത്തതിനാൽ ഓപ്പറേഷന് തയ്യാറായി. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഓപ്പറേഷൻ സമയം അടുത്ത് അടുത്ത് വന്നു.

നെഞ്ചിടിപ്പ് കൂടി കൂടി വന്നു. ഓപ്പറേഷൻ തീയേറ്ററിന്റെ പുറത്ത് ആകംക്ഷയോടെ നിൽക്കുന്ന എന്റെയടുത്തേക്ക് രണ്ടു നഴ്സ്മാർ ഒരു ട്രേയിൽ ഭാര്യയുടെ മുറിച്ചെടുത്ത ഗർഭ പാത്രവുമായി വന്നു. എന്നെ കാണിച്ചു. ഒരു വാഴകൂമ്പിന്റെ ആകൃതിയിലാണ് ഞാൻ ആ ഗർഭ പാത്രം കണ്ടത്.

ഗർഭ പാത്രത്തിലുള്ള തകരാറ് മൂലം മക്കളുണ്ടാവാത്ത ഒരു കുടുംബം ഒരു കുഞ്ഞിനെ ദത്തെടുക്കുന്നു. അതും ഒരു പെൺകുഞ്ഞാണ്. ഓമനിച്ചും താലോലിച്ചും ആ കുഞ്ഞിനെ വളർത്തി. വിവാഹ പ്രായമായി. അവളെ അനുയോജ്യമായ ഒരു ചെറുപ്പക്കാരന് വിവാഹം ചെയ്തുകൊടുത്തു. അവളിലെങ്കിലും ഒരു കുഞ്ഞിക്കാലു കാണാൻ പോറ്റി വളർത്തിയ അച്ഛനും അമ്മയും ആഗ്രഹിച്ചു. അവൾ ഗർഭിണിയായി. പക്ഷേ കുഞ്ഞ് വളർന്നത് ഗർഭ പാത്രത്തിലേക്കു പോകുന്ന ട്യൂബിലാണ്. ഇതിനെ 'ട്യൂബൽ പ്രഗ്നൻസി' എന്നാണ് പറയുക. ഓപ്പറേഷൻ ചെയ്തു മാറ്റിയേ പറ്റൂ. അങ്ങിനെ രണ്ടു തവണയും അവൾക്കുണ്ടായത് ട്യൂബൽ പ്രഗ്നൻസി തന്നെയാണ്. രണ്ടു തവണയും ഓപ്പറേഷൻ ചെയ്തു മാറ്റി. അവൾ വിവാഹിതയായി പത്തുവർഷം കഴിഞ്ഞു. ഗർഭ പാത്രത്തിലെത്തുന്നതിന് മുന്നേ നടന്ന ഗർഭധാരണം മൂലം ഇനി അവൾക്കൊരു കുഞ്ഞിക്കാലു കാണാൻ സാധ്യതയില്ല. ഗർഭ പാത്രത്തിന്റെ കഥകൾ ഇനിയുമെത്രയോ പറയാനുണ്ടാവും നിങ്ങൾക്ക്.

○

# ദീപാവലി

'**ദീ**പാവലി' എന്ന വാക്ക് ദീപ്+ആവലി എന്നീ രണ്ടു വാക്കുകൾ ചേർത്തുണ്ടായതാണ്. 'ആവലി' എന്നാൽ പംക്തി ഇപ്രകാരം ദീപാവലി എന്ന വാക്കിന്റെ അർത്ഥം 'ദീപങ്ങളുടെ പംക്തി' എന്നാണ് ദീപാവലി ദിവസം വീടുകളും കെട്ടിടങ്ങളും ദീപങ്ങൾകൊണ്ട് അല

## തെരഞ്ഞെടുപ്പ് അറിവ്

### യോഗ്യതകളും അയോഗ്യതകളും

**ത**ദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയാകാനുള്ള പ്രധാന യോഗ്യതകളും അയോഗ്യതകളും അറിയാം

**യോഗ്യതകൾ:**

പ്ര ഉരലിൽ കിടന്ന് പൊടി യും മരിച്ചു പോയാൽ ദഹിപ്പി നടന്നു. അന്നും കൃത്യമായി ങ്ങിനെ സന്ദർഭത്തിനനുസരി പുറത്ത് ആകംക്ഷയോടെ

ഗവും ഇതേ നിലപാടു വ്യക്തമാക്കിയിരുന്നു. മുസ്ലീം ലീഗ് നിലപാടുകളോടു വിയോജിപ്പുകളുണ്ടെങ്കിലും എ പി വിഭാഗവും ജമാഅത്തെ ഇസ്ലാമിയുടെയും അവരുടെ പാർട്ടിയുടെയും കാര്യത്തിൽ ഇതേ സമീപനം പരസ്യമായി പ്രകടിപ്പിച്ചിരുന്നു.

ഭാവി മുതിർന്നവർക്കുള്ളതല്ല, യുവാക്കൾക്കുള്ളതാണെന്ന കാഴ്ച്ചപ്പാടുപോലും ഉൾക്കൊള്ളാതെ അധികാരത്തിനു വേണ്ടി നടത്തുന്ന ഈ കളി മുസ്ലീം ലീഗിന്റെ അടിത്തറ അനതിവിദൂര ഭാവിയിൽ ശിഥിലമാക്കുമെന്നുറപ്പാണ്. എല്ലാ പിടിവള്ളികളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കോൺഗ്രസിന് ലീഗിനെ അനുസരിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലെന്ന് അതിന്റെ സംസ്ഥാന നായകന്മാരും കരുതുന്നുണ്ട്.

ഇതേ അവസ്ഥ തന്നെ ഇടതുമുന്നണിയും നേരിടുന്നു. രണ്ട് വോട്ടിനുവേണ്ടി മത അടിത്തറയിൽ ഉറച്ചു നിൽക്കുന്ന പാർട്ടികളുമായി ഉണ്ടാക്കിയിട്ടുള്ള ചങ്ങാത്തം ഇടതു മുന്നണിയിലെ പ്രധാന ഘടകകക്ഷികളായ സി പി എമ്മിനെയും സി പി ഐ യെയും ശിഥിലമാക്കുന്നുണ്ട്. രാഷ്ട്രീയ രംഗത്തു മാത്രമല്ല, വ്യക്തി ശുദ്ധിയുടെ കാര്യത്തിലും സംസ്ഥാനത്ത് അതിപ്പോൾ പ്രകടമായിക്കൊണ്ടിരിക്കുന്നു.

ഉലയുന്ന അടിത്തറ ഉറപ്പിക്കുന്നതിനു കൃസ്ത്യൻ മതവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന കേരള കോൺഗ്രസ് ജോസ് കെ മാണി ഗ്രൂപ്പിനെ എൽ ഡി എഫ് ഒരു കൂസലുമില്ലാതെ ഇടതു മുന്നണി ഘടകകക്ഷിയാക്കി. ഒറ്റയാന്മാരും അല്ലാത്തവരും ഉണ്ടാക്കിക്കൊണ്ടു നടക്കുന്ന കടലാസ് പാർട്ടികളെ വരെ മുന്നണിപങ്കാളികളാക്കി. എല്ലാവർക്കും പഞ്ചായത്തു തിരഞ്ഞെടുപ്പിനു സീറ്റ് നൽകി ആദരിക്കുകയും ചെയ്യുന്നു.

കോട്ടയം ജില്ലാ പഞ്ചായത്തിൽ പാർട്ടി പിളർത്തി ഒരു വിഭാഗം നേതാക്കളുമായി ഇടതു മുന്നണിയിലെത്തിയ ജോസ് കെ മാണി 22 അംഗ ജില്ലാ പഞ്ചായത്തിലെ 12 സീറ്റുകൾ സി പി എമ്മിനോടാവശ്യപ്പെടുകയും സി പി എം 10 സീറ്റ് സമ്മതിക്കുകയും ചെയ്തതായി സൂചനയുണ്ട്. അതേ സമയം 12 സീറ്റും കിട്ടണമെന്നവാശിയിലാണ് ജോസെന്നും പറയുന്നു. ജോസിന്റെ പാർട്ടിയെ തൃപ്തിപ്പെടുത്താൻ സി പി ഐ നേരത്തെ മത്സരിക്കുന്ന 5 സീറ്റുകളിൽ രണ്ടെണ്ണം കൂടി ജോസിനു കൊടുക്കാൻ സി പി എം, സി പി ഐ യെ ഉപദേശിക്കുന്നുമുണ്ട്. എൻ സി പിയുടെയും ജനതാദളിന്റെയും ഓരോ സീറ്റുകൾ അവരുടെ പ്രതിഷേധം അവഗണിച്ചു ജോസിനു വിട്ടുകൊടുത്തതായും സംസാരമുണ്ട്.

ഓരോ തിരഞ്ഞെടുപ്പിലും കൂടുതൽ ആർജ്ജവവും ആധിപത്യവും ഉറപ്പാക്കേണ്ട വൻകിട പാർട്ടികൾ അവസരവാദികളും സ്ഥാപിത താൽപ്പര്യക്കാരുമായ കടലാസ് സംഘടനകൾക്കു കീഴടങ്ങേണ്ട സ്ഥിതി എങ്ങനെയാണുണ്ടായതെന്ന് ആ പാർട്ടികളാണ് ചിന്തിക്കേണ്ടത്. അവരതു ചിന്തിച്ചാലും ഇല്ലെങ്കിലും സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് ജനങ്ങൾ ഇപ്പോൾ ആരെയും കാത്തിരിക്കുന്നില്ല. ദേശത്തേയും ജനങ്ങളെയും ഒന്നിച്ചു നിറുത്തേണ്ട വമ്പൻ പാർട്ടികൾ ഇപ്പോൾ ആദർശപാപ്പരത്തത്തിന്റെ ഉടമകളായി ആൾക്കൂട്ടത്തിൽ ആറാട്ടുമുണ്ടന്മാരെപ്പോലെ ആർത്തട്ടഹസിക്കുകയാണെന്ന് ജനങ്ങൾ സംശയിക്കുന്നുണ്ട്.

# ദീപാവലി



'**ദീ**പാവലി' എന്ന വാക്ക് ദീപ്+ആവലി എന്നീ രണ്ടു വാക്കുകൾ ചേർത്തുണ്ടായതാണ്. 'ആവലി' എന്നാൽ പംക്തി ഇപ്രകാരം ദീപാവലി എന്ന വാക്കിന്റെ അർത്ഥം 'ദീപങ്ങളുടെ പംക്തി' എന്നാണ് ദീപാവലി ദിവസം വീടുകളും കെട്ടിടങ്ങളും ദീപങ്ങൾകൊണ്ട് അലങ്കരിക്കുന്നു. അതു കൊണ്ട് ഇതിനെ ദീപോത്സവം എന്നും പറയുന്നു.

ദീപാവലിയിൽ ഉൾപ്പെടുന്ന വിവിധ ദിവസങ്ങൾ ഇപ്രകാരമാണ്-ശകവർഷം, അശ്വിനമാസം, കറുത്തപക്ഷ, ത്രയോദശി ദിവസം ധനത്രയോദശിയും ചതുർദശി ദിവസം നരകചതുർദശിയും ആഘോഷിക്കുന്നു. അമാവാസി ദിവസം ലക്ഷ്മിപൂജ നടത്തുന്നു. കാർത്തികമാസം വെളുത്ത പക്ഷ പ്രഥമ ദിവസം ബലിപ്രതിപദ ആയി ആഘോഷിക്കുന്നു. ദീപാവലിയുടെ ഓരോ ദിവസവും തിന്മയ്ക്കുമേൽ നന്മയുടെ വിജയത്തെ ഓർമ്മപ്പെടുത്തുന്നു.

തമസോമ..... ജ്യോതിർഗ്ഗമയ... അതായത് ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് ഗമനം ചെയ്യുക.ഇത് ഉപനിഷത്തുക്കളുടെ സാരാംശമാണ്. നമ്മുടെ വീട്ടിൽ എല്ലായ്പ്പോഴും ലക്ഷ്മീ ദേവിയുടെ സാന്നിധ്യം ഉണ്ടാകണം. ഇതിനായി ഓരോരുത്തരും ആനന്ദത്തിൽ ദീപോത്സവം ആഘോഷിക്കുന്നു.

ദീപാവലിയുടെ ചരിത്രം

പ്രഭു ശ്രീരാമചന്ദ്രൻ പതിനാലുവർഷങ്ങൾ വനവാസം കഴിഞ്ഞ് അയോധ്യയിൽ തിരിച്ച് എത്തിയ സമയത്ത് പ്രജകൾ ആനന്ദത്തിൽ ദീപോത്സവം നടത്തി. അന്നുമുതൽ തുടങ്ങിയതാണ് ദീപാവലി.

നരകാസുരൻ എന്ന അസുരനെ വധിച്ച് ശ്രീകൃഷ്ണൻ ജനങ്ങളെ അത്യാചാരം ലോപം ദുരാചാരങ്ങൾ എന്നിവയിൽ നിന്ന് മോചിപ്പിച്ചു. ദീപാവലി ദുർഗ്ഗുണങ്ങൾക്കുമേൽ ദൈവീക ഗുണങ്ങളുടെ വിജയത്തെ സൂചിപ്പിക്കുന്നു. യഥാർത്ഥ ദീപാവലിയെന്നാൽ ഭൗതീകമായ ആസക്തികളിൽ നിന്നു മുക്തരായി നമ്മുടെ ആത്മജ്യോതിയെ തെളിയിക്കുന്നതാണ്. ദീപാവലിക്കു മുമ്പ്തന്നെ ജനങ്ങൾ അവരുടെ വീടുകളും കാര്യാലയങ്ങളും അതിന്റെ പരിസരവും വൃത്തിയാക്കുന്നു. വീട്ടിലെ കേടുപാടുകളുള്ള വസ്തുക്കൾ ഉപേക്ഷിച്ച് വീട് വൃത്തിയാക്കി അലങ്കരിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ആ വാസസ്ഥലത്തിന്റെ ആയുസ്സ് കൂടുന്നു. മാത്രമല്ല, വീട് ആകർഷകമാകുന്നു. വീട്ടിലെ എല്ലാ അംഗങ്ങളും പുതുവസ്ത്രങ്ങൾ ധരിക്കുന്നു. മധുരപലഹാരങ്ങൾ ഉണ്ടാക്കുന്നു. ദീപാവലിക്ക് ശ്രീലക്ഷ്മി സത്യസന്ധരായവരുടെ ഗൃഹങ്ങളിൽ വരുന്നു എന്നാണ് ബ്രഹ്മപുരാണത്തിൽ പറയുന്നത്. വീടിനെ എല്ലാ തരത്തിലും ശുദ്ധവും സുശോഭിതമാക്കി ദീപാവലി ആഘോഷിക്കുന്നതിൽ ശ്രീ ലക്ഷ്മി പ്രസന്നയാവുകയും അവിടെ സ്ഥായീരൂപത്തിൽ വസിക്കുകയും ചെയ്യുന്നു.

ദീപാവലിയുടെ ശുഭാവസരത്തിൽ വീടിന് മുറ്റത്ത് കോലമിടുന്നു. കോലമിടുന്നതിന് പിന്നിൽ രണ്ട് ഉദ്ദേശ്യങ്ങൾ ഉണ്ട്-സൗന്ദര്യത്തിന്റെ സാക്ഷാത്കാരവും മംഗളപ്രാപ്തിയും. ദേവതകളെ സ്വാഗതം ചെയ്യുന്നതിനായാണ് കോലങ്ങൾ ഇടുക. കോലം ഇട്ട മുറ്റം കണ്ട് ദേവത പ്രസന്നയാകുന്നു. ഇക്കാരണത്താൽ ദീപാവലി നാളുകളിൽ ദിവസവും ദേവത തത്വം ആഗിരണം ചെയ്യുന്ന പല നിറങ്ങളുള്ള കോലങ്ങൾ ഇടുന്നു. ഇതിലൂടെ ദേവതാ തത്വത്തിന്റെ ഗുണം നേടിയെടുക്കുകയും ചെയ്യുന്നു.

ആകാശദീപം വീട്ടിന് പുറത്ത് തൂക്കിയിടുന്നു. ദീപം തെളിയിക്കുന്നത് പോലെയാണ് ഇതും. അശ്വിനമാസം വെളുത്ത പക്ഷത്തിലെ ഏകാദശിമുതൽ കാർത്തികമാസം വെളുത്തപക്ഷത്തിലെ ഏകാദശിവരെ ഈ ആകാശദീപം തൂക്കിയിടുന്നു. ദീപാവലിക്ക് ദിവസവും മൺചിരാത് കത്തിക്കുന്നു. മെഴുകുതിരിയും വൈദ്യുത വിളക്കും മനസ്സിനെ ബഹിർമുഖവുമാക്കുന്നു. ദീപാവലിക്ക് എണ്ണഒഴിച്ച് മൺവിളക്ക് തന്നെ കത്തിക്കുന്നതാണ് ശരി. നരകചതുർദശി മുതൽ പ്രതിപദ വരെ മൂന്നു തിഥികളിലാണ് ദീപാവലി. അതുകൂടാതെ ഗോവത്സ ദ്വാദശിയും ധനത്രയോദശിയും ഇതിന്റെ കൂടെ വരുന്നു. ഇനി നമുക്ക് ഈ ദിവസങ്ങളുടെ മഹത്വം മനസ്സിലാക്കാം.

1. **ഗോവത്സ ദ്വാദശി(വസുബാരസ്):** സമുദ്ര മഥനത്തിൽ നിന്നു അഞ്ച് കാമധേനു പശുക്കൾ പുറത്തു വന്നു. അവയിലെ നന്ദ എന്ന കാമധേനുവിനെ ഉദ്ദേശിച്ചുകൊണ്ട് ഈ ദിവസം ഇച്ഛാപൂർത്തിക്ക് ആയി വ്രതം നോൽക്കുന്നു. ഈ ദിവസം സൗഭാഗ്യവതിയായ സ്ത്രീകൾ ഗോമാതാവിനെ പൂജിക്കുന്നു.

2. **ധനത്രയോദശി(ധന്വന്തരി ജയന്തി):** അശ്വിനമാസം കറുത്ത പക്ഷം ത്രയോദശിയാണ് ധനത്രയോദശി. വ്യാപാരികൾക്ക് ഈ ദിവസം വളരെ പ്രധാനമാണ്. അവർ ഈ ദിവസം ധനത്തെ പൂജിക്കുന്നു. അതേ പോലെ ആയുർവ്വേദ വൈദ്യർ ഈ ദിവസം ധന്വന്തരി ദേവതയെ പൂജിക്കുന്നു. അമരത്വം നൽകുന്ന ദേവനാണ് ധന്വന്തരി. പല സ്ഥലങ്ങളിലും ആര്യവേപ്പിലയും പഞ്ചസാരയും ചേർത്തരച്ച് പ്രസാദമായി കഴിക്കുന്നു. ആര്യവേപ്പില ദിവസവും കഴിച്ചാൽ അസുഖങ്ങൾ വരാതിരിക്കും. അത്രയധികം മഹത്വം വേപ്പിലയ്ക്കുണ്ട്.

3. **യമദീപദാനം:**ധനത്രയോദശി ദിവസം യമദീപദാനവും ചെയ്യുന്നു. പ്രാണ ഹരണം ചെയ്യുന്ന ദേവനാണ് യമൻ. മരണത്തെ ഒഴിവാക്കാൻ ആർക്കും കഴിയുകയില്ല പക്ഷേ അകാല മരണവും അപമൃത്യുവും ആർക്കും വരാതിരിക്കാൻ ധനത്രയോദശി ദിവസം യമദേവനെ ഉദ്ദേശിച്ച് ഒരു വിധി ചെയ്യുന്നു. ഗോതമ്പ് മാവ് കൊണ്ട് തയ്യാറാക്കിയ 13 വിളക്കുകൾ സന്ധ്യാസമയത്ത് വീട്ടിനു പുറത്ത് അതിന്റെ തിരി തെക്ക് വശത്തോട്ട് വച്ചുകൊണ്ട് തെളിയിക്കുക. നാം ഒരിക്കലും തെക്കോട്ട് തിരിച്ച് വിളക്ക് വയ്ക്കുകയില്ല. പക്ഷേ യമദീപദാനത്തിന് മാത്രമാണ് ഇങ്ങനെ ചെയ്യുന്നത്. അതിനു ശേഷം ഇപ്രകാരം പ്രാർത്ഥിക്കുക-യമദേവനെ, ദീപദാനത്താൽ പ്രസന്നനായി മൃത്യുപാശം മൃത്യുദണ്ഡം എന്നിവയിൽ നിന്നും എനിക്ക് മുക്തി നൽകണമേ....

4. **നരകചതുർദശി:**അശ്വിന മാസം കറുത്ത പക്ഷം ചതുർദശിയാണ് നരകചതുർദശി. ശ്രീമദ്ഭാഗവത പുരാണമനുസരിച്ച് ഈ ദിവസമാണ് ഭഗവാൻ ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ചത്. നമ്മുടെ നരകതുല്യമായ പാപങ്ങളും അഹംഭാവത്തെയും നശിപ്പിക്കുക എന്നതാണ് ഈ ദിവസത്തിന്റെ ആന്തരാർത്ഥം.

5. **ലക്ഷ്മീപൂജ:**അശ്വിന മാസം അമാവാസി ദിവസമാണ് ലക്ഷ്മിപൂജ ചെയ്യുന്നത്. അലക്ഷ്മിയെ (ദാരിദ്ര്യം) ഇല്ലാതാക്കാൻ ലക്ഷ്മി ദേവിയെ (ധനത്തിന്റെ ദേവി) ഈ ദിവസം പൂജിക്കുന്നു.

6. **ബലിപ്രതിപദ:** കാർത്തിക മാസം വെളുത്ത പക്ഷം പ്രഥമ ദിവസമാണ് ബലിപ്രതിപദയായി ആഘോഷിക്കുന്നത്. അസുര രാജാവായ ബലി രാജാവിൻമേൽ ഭഗവാൻ മഹാവിഷ്ണുവിന്റെ വിജയത്തെയാണ് ഈ ദിവസം സൂചിപ്പിക്കുന്നത്. വർഷത്തിലെ മൂന്നര ശുഭമുഹൂർത്തങ്ങളിലെ അര ദിവസമാണ് ബലിപ്രതിപദ.(മൂന്നര ശുഭമുഹൂർത്തങ്ങൾ-യുഗാദി, അക്ഷയ തൃതീയ, വിജയദശമി എന്നീ മൂന്ന് ദിവസങ്ങളും ബലിപ്രതിപദയുടെ അര ദിവസവും വർഷത്തിലെ ശുഭമുഹൂർത്തങ്ങളാണ്. ഈ ദിനങ്ങളിൽ ശുഭകാര്യത്തിനായി മുഹൂർത്തം നോക്കേണ്ട ആവശ്യമില്ല. എല്ലാ മുഹൂർത്തവും ശുഭമായിരിക്കും).

7. **യമദ്വിതീയ:**കാർത്തിക മാസം വെളുത്ത പക്ഷം ദ്വിതീയയാണ് യമദ്വിതീയയായി ആഘോഷിക്കുന്നത്. ഈ ദിവസം സഹോദരനും സഹോദരിയും തമ്മിലുള്ള പവിത്രമായ ബന്ധത്തെ സൂചിപ്പിക്കുന്നു. യമദേവൻ ഊണ് കഴിക്കുന്നതിനായി തന്റെ സഹോദരിയുടെ വീട്ടിൽ പോകുന്നു. ഈ ദിവസം സഹോദരന്മാർ അവരുടെ സഹോദരിമാരുടെ വീടുകളിൽ പോയി അവർക്ക് വസ്ത്രങ്ങൾ, ആഭരണങ്ങൾ മുതലായവ സമ്മാനമായി നൽകി അവിടെത്തന്നെ ഭക്ഷണം കഴിക്കുന്നു. വൈരാഗ്യം , അസൂയ, എന്നിവ ഇല്ലാതാക്കി സ്നേഹം വർധിപ്പിക്കുക എന്നതാണ് ഈ ദിവസത്തിന്റെ ആന്തരാർത്ഥം.

**നന്ദകുമാർ കൈമൾ.**

# തെരഞ്ഞെടുപ്പ് അറിവ്

## യോഗ്യതകളും അയോഗ്യതകളും

**ത**ദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയാകാനുള്ള പ്രധാന യോഗ്യതകളും അയോഗ്യതകളും അറിയാം

**യോഗ്യതകൾ:**

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് ഉണ്ടായിരിക്കണം. നോമിനേഷൻ സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയായിരിക്കണം. പട്ടിക ജാതികൾക്കോ പട്ടിക വർഗ്ഗങ്ങൾക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തിന്റെ സംഗതിയിൽ, ആ ജാതികളിലേതിലേതെങ്കിലുമോ അല്ലെങ്കിൽ വർഗ്ഗങ്ങളിലേതിലെയെങ്കിലുമോ ഒരംഗമായിരിക്കണം. സ്ത്രീകൾക്ക് വേണ്ടി സംവരണം ചെയ്തിട്ടുള്ള സ്ഥാനത്തിന്റെ സംഗതിയിൽ അങ്ങനെയുള്ള ആൾ ഒരു സ്ത്രീ ആയിരിക്കണം.

**അയോഗ്യതകൾ**

ജീവനക്കാരൻ ആയിരിക്കരുത് :സർക്കാർ തദ്ദേശസ്ഥാപനങ്ങളിൽ, സർക്കാർ തദ്ദേശസ്ഥാപന നിയന്ത്രണത്തിലുള്ള കോർപ്പറേഷൻ. സർക്കാർ, തദ്ദേശസ്ഥാപനത്തിന് 51% കുറയാത്ത ഓഹരിയുള്ള കമ്പനി, ബോർഡ്. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികെ എസ് ആർ ടി സി, എംപാനൽഡ് കണ്ടക്ടർ, കെ എസ് ഇ ബി, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, പ്രൊവിഷ്ണൽ സർവ്വീസ്, എസ് എൽ ആർ, മിൽമ, എന്നിവടങ്ങളിലെ ജീവനക്കാരും അയോഗ്യരാണ്.അഴിമതിക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാർ പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരുടെ പരിധിയിൽ.

ബാലവാടി ജീവനക്കാരും ആങ്കണവാടി ജീവനക്കാരും, ആശാവർക്കർമാരും സാക്ഷരതാ പ്രേരക്മാരും അയോഗ്യതയില്ല. എന്നാൽ നഗരസഭകളിൽ സാക്ഷരതാ പ്രേരക്മാർ അയോഗ്യരാണ്. ബാലവാടി ജീവനക്കാരും ആങ്കണവാടി ജീവനക്കാരും, ആശാവർക്കർമാരും ഒഴികെയുള്ള പാർട്ട് ടൈം ജീവനക്കാരും ഓണേറിയം കൈപ്പറ്റുന്നവരും ജീവനക്കാരാണ്.

## സ്ഥാനാർഥികളുടെ അയോഗ്യത

നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യനാക്കപ്പെട്ടവർ: വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി തിരഞ്ഞെടുപ്പിൽ മത്സരിച്ചു എന്ന് തെളിയിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്യപ്പെട്ടവർ,കോടതിയോ ട്രൈബ്യൂണലോ സാന്മാർഗിക ദൂഷ്യം ഉൾപ്പെട്ട കുറ്റത്തിന് മൂന്ന് മാസത്തിൽ കുറയാത്ത കാലയളവിന് ശിക്ഷിക്കപ്പെട്ടവർ അഴിമതി കുറ്റത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിയമം അനുസരിച്ച് കുറ്റക്കാരനാണെന്ന് ക്ഷമതയുള്ള അധികാര സ്ഥാനം വിധിച്ചവർ, നാമനിർദ്ദേശപത്രികയോടൊപ്പം സമർപ്പിച്ചിരുന്ന സത്യ പ്രസ്താവന കളവോ, വ്യാജമോ ആയിരിക്കുക, പട്ടികജാതിക്കാരനോ, പട്ടികവർഗ്ഗക്കാരനോ അല്ലായെന്ന് പിന്നീട് എപ്പോഴെങ്കിലും തെളിയിക്കപ്പെടുകയും അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ ചെയ്താൽ ദുർഭരണത്തിന് വ്യക്തിപരമായി കുറ്റക്കാരനാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ വിധിച്ചവർ സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിക്കപ്പെട്ടവർ, കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്കപ്പെടുകയും, അയോഗ്യനാക്കപ്പെട്ട തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ആണെങ്കിൽ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടവർ, ബധിര മൂകനായവർ സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിലോ വീഴ്ച്ച വരുത്തിയതിന്റെ ഫലമായി ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടവർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ധനമോ മറ്റു വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തിട്ടുള്ളതായി ഓംബുഡ്സ്മാൻ കണ്ടെത്തിയവർ എന്നിങ്ങനെയാണ് അയോഗ്യതകൾ.